Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2805815, Fax +91-484-2806214
E-mail kcbc@kcbc.in, www.kcbc.in

1.07.2016

All Kerala Press Release
*Ref: 539/KCBC/K-6/KPR/DS*

# ക്രിസ്തുവിന്റെ കണ്ണിലൂടെ കാണുക: ബിഷപ് മാര്‍ പോളി കണ്ണൂക്കാടന്‍

കൊച്ചി: ക്രിസ്തുവിന്റെ കണ്ണുകളിലൂടെ ആനുകാലിക മാനുഷിക പ്രശ്നങ്ങളെ നോക്കിക്കാണുകയും അവയോട് പ്രതികരിക്കുകയുമാണ് ദൈവശാസ്ത്രജ്ഞരുടെ പ്രവാചക ധര്‍മമെന്ന് ബിഷപ്പ് മാര്‍ പോളി കണ്ണൂക്കാടന്‍. കേരള തിയോളജിക്കല്‍ അസ്സോസിയേഷന്റെ ആദ്യത്തെ ജനറല്‍ ബോഡി യോഗം ജൂണ്‍ 30-ാം തീയതി പിഒസിയില്‍ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അധ്വാനിക്കുന്നവരുടെ വിയര്‍പ്പുമണം സുഗന്ധധൂപത്തോടു കലരുമ്പോഴും ദരിദ്രരുടെ കണ്ണീര്‍ കാസായിലെ വീഞ്ഞില്‍ വീഴുമ്പോഴുമാണ് ദൈവശാസ്ത്രം മനുഷ്യബന്ധിയാകുന്നതെന്ന് ഡോ. ജേക്കബ് പറപ്പള്ളി തന്റെ പ്രബന്ധത്തില്‍ സൂചിപ്പിച്ചു. സമൂഹത്തിലെ ചെറിയ മനുഷ്യരുടെ വേദനകള്‍ ദൈവശാസ്ത്രത്തിന്റെ വിഷയങ്ങളാകണമെന്ന് ഡോ. ജയിംസ് കുലാസ് അഭിപ്രായപ്പെട്ടു. സ്ത്രീകള്‍ തങ്ങളുടെ കണ്ണുകളിലൂടെ വിശുദ്ധഗ്രന്ഥം വായിക്കുകയും സ്ത്രൈണ ഹൃദയം കൊണ്ട് അതിനോട് പ്രതികരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ഡോ. ഭവ്യ ഊന്നി പറഞ്ഞു.

തുടര്‍ന്ന് ഡോ. വിന്‍സെന്റ് കുണ്ടുകുളത്തിനെ പ്രസിഡന്റായും ഡോ. ആര്‍ദ്രയെ വൈസ് പ്രസിഡന്റായും ഡോ. ജേക്കബ് നാലുപറയിലിനെ സെക്രട്ടറിയായും ഡോ. സൂസി കിണറ്റിങ്കലിനെ ട്രഷററായും യോഗം തിരഞ്ഞെടുത്തു. ഡോ. ജോണ്‍ പടിപ്പുര, ഡോ. ലോറന്‍സ് കുലാസ്, ഡോ. മരിയ ആന്റോ, ഡോ. ടോണി നീലങ്കാവില്‍, ഡോ. സിപ്രിയാന്‍ ഫെര്‍ണാണ്ടസ് എന്നിവരെ എക്സിക്യൂട്ടീവ് അംഗങ്ങളായും തിരഞ്ഞെടുത്തു.

കേരള കത്തോലിക്കാ സഭയിലെ ദൈവശാസ്ത്രജ്ഞരുടെ പൊതുസംഘമായിട്ടാണ് ഇതിനെ വിഭാവന ചെയ്തിരിക്കുന്നത്. അക്കാദമിക് ചര്‍ച്ചകള്‍ക്കപ്പുറം ദൈവശാസ്ത്രത്തിന്റെ പ്രായോഗിക തലങ്ങള്‍ ദൈവശാസ്ത്രജ്ഞര്‍ അന്വേഷിക്കേണ്ടതിന്റെ ആവശ്യകത ബിഷപ്പ് അബ്രാഹം മാര്‍ യൂലിയോസ് തന്റെ സമാപന പ്രസംഗത്തില്‍ ഊന്നി പറഞ്ഞു.

**റവ. ഫാ. വര്‍ഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറല്‍, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടര്‍, പി.ഒ.സി.

ഫോട്ടോ മാറ്റര്‍: കേരള തിയോളജിക്കല്‍ അസ്സോസിയേഷന്റെ ജനറല്‍ ബോഡി യോഗം പിഒസിയില്‍ ബിഷപ്പ് മാര്‍ പോളി കണ്ണൂക്കാടന്‍ ഉദ്ഘാടനം ചെയ്യുന്നു. ഡോ. വിന്‍സെന്റ് കുണ്ടുകുളം, ഡോ. മത്തായി കടവില്‍, ഫാ. വര്‍ഗീസ് വള്ളിക്കാട്ട്, ഡോ. ജേക്കബ് നാലുപറയില്‍, ഡോ. മരിയ ആന്റോ, ഡോ. ഉദയ, ഡോ. സൂസി കിണറ്റിങ്കല്‍ എന്നിവര്‍ സമീപം

PRESIDENT
CARDINAL BASELIOS CLEEMIS

VICE-PRESIDENT
MAR JOSEPH PERUMTHOTTAM

SECRETARY GENERAL
BISHOP JOSEPH KARIYIL

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT